**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3101

15.02.2013 ൽ
മറുപടിയ്ക്ക്

## താലൂക്ക് കേന്ദ്രങ്ങളിലെ സപ്ലൈകോ ഗോഡൗണുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി.ജോർജ്ജ് ;<br>ശ്രീ. അൻവർ സാദത്ത് ;<br>ശ്രീ. പി.എ. മാധവൻ ;<br>ശ്രീ. ഷാഫി പറമ്പിൽ ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സപ്ലൈകോ താലൂക്ക് കേന്ദ്ര ങ്ങളിൽ ഗോഡൗണുകൾ തുറക്കുന്നതിന് പദ്ധതി രൂപീകരിക്കുമോ ; വിശദമാക്കുമോ ; | എ) സപ്ലൈകോ, നിലവിൽ താലൂക്ക് കേന്ദ്ര ങ്ങളിൽ താലൂക്ക്തല ഡിപ്പോ ഗോഡൗണുകൾ പ്രവർത്തിപ്പിക്കുന്നുണ്ട്. സ്വന്തമായി ഗോഡൗൺ നിലവിലില്ലാത്ത സ്ഥലങ്ങളിൽ എസ്.ഡബ്ല്യു.സി പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടേതോ, ഇതു ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പ്രൈവറ്റ് ഗോഡൗണോ വാടകയ്ക്ക് എടുത്താണ് ഗോഡൗൺ പ്രവർത്തിപ്പിക്കുന്നത്. സർക്കാർ /സർക്കാറിതര ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് കൂടുതൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്. ഇതിനായി എല്ലാ ജില്ലാ ഭരണകൂടങ്ങളോടും സ്ഥലം അനുവദിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. സപ്ലൈകോയുടെ താലൂക്ക്തല ഓഫീസർമാർ സ്ഥലം കണ്ടെത്തുന്നതിന് മുൻകൈ എടുക്കുന്നുണ്ട്. |
| ബി) പ്രസ്തുതപദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെ ല്ലാം ; | ബി) സപ്ലൈകോയുടെ സംഭരണശേഷി വർദ്ധിപ്പിക്കുകയും അതുവഴി കൂടുതൽ കാര്യക്ഷമമായി ഓരോ താലൂക്കിലേയും വിൽപ്പന ശാലകളിൽ സാധനങ്ങളെത്തിക്കുന്നതിനും കൂടുതൽ വിൽപ്പനശാലകൾ തുടങ്ങുന്നതിനും സാധിക്കും. |
| സി) ഇതിനുള്ള ഭൂമി എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | സി) സർക്കാരിന്റെ അധീനതയിലുള്ള ഭൂമിയും പുറമ്പോക്ക് ഭൂമിയുമാണ് പ്രധാനമായി ലക്ഷ്യമിടുന്നത്. സർക്കാരിതര ഭൂമി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. |
| ഡി) സപ്ലൈകോ വഴി അവശ്യ സാധനങ്ങളുടെ വിതരണം വേഗത്തിലും സുതാര്യവുമാക്കാനും പദ്ധതി എങ്ങനെ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ? | ഡി) എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും ശാസ്ത്രീയമായ ഗോഡൗണുകൾ ഉണ്ടാക്കുന്ന മുറയ്ക്ക് എല്ലാത്തരം നിത്യോപയോഗസാധനങ്ങളും, പഞ്ചസാര, ആട്ട തുടങ്ങിയ നിത്യോപയോഗ സാധനങ്ങളും ആവശ്യത്തിന് ശേഖരിക്കാനും സപ്ലൈകോ വിൽപ്പനശാലകളിലും റേഷൻ കടകളിലും വളരെ വേഗത്തിൽ സ്റ്റോക്ക് എത്തിച്ച് പൊതുകമ്പോളത്തിലെ ഭക്ഷ്യധാന്യ ദൗർലഭ്യം പരിഹരിക്കാനും അതുവഴി വില വർദ്ധന ഫലപ്രദമായി നിയന്ത്രിക്കുവാനും സാധിക്കും. |

സെക്ഷൻ ഓഫീസർ